
# അതിരുകളില്ലാതെ........




**എസ് എം വി എൻ എസ് എസ് എച്ച് എസ് എസ് കല്ലറ**

## പ്രണാമങ്ങളോടെ..............................



Padmabhushan Mannath Padmanabhan






# ***FROM THE HEADMISTRESS TABLE***

# എഡിറ്റോറിയൽ

അസതോമാ സത്ഗമയാ

തമസോമാ ജ്യോതിർ ഗമയാ............

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശില മാതൃഭാഷയാണ്. ആസ്വാദനത്തിന്റെ ആകാശങ്ങളിലേയ്ക്ക് നമുക്ക് പറന്നുയരാൻ മാതൃഭാഷ ചിറകുകൾ നൽകുന്നു. സാഹിത്യത്തിന്റെ വൈകാരിക ശക്തി കുട്ടികളുടെ വ്യക്തി വികാസത്തെ സഹായിക്കുന്നു. നമ്മുടെ വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ്സ് റൂമുകളിൽ ലഭ്യമാകുന്നു. മാതൃഭാഷയിൽ തയ്യാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ ഓരോ വിദ്യാർത്ഥിയുടേയും സർഗ്ഗപരമായ കഴിവുകളുടെ പ്രകാശനമാണ്. ഈ സൃഷ്ടിയുടെ വിജയത്തിൽ പങ്കാളികളായ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അഭിനന്ദനമറിയിച്ച കൊണ്ട് സ്നേഹത്തോടെ

എഡിറ്റർ

ശ്രീജയ എൻ ആർ



# ആശംസകളോടെ



## S.KRISHNA KUMARI

(SITC)

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. മികവ് എന്നാൽ അക്കാദമിക മികവാണ്. കുട്ടികളിൽ അന്തർലീനമായ എല്ലാ കഴിവുകൾ പ്രോത്സാഹിപ്പിക്കപ്പെടണം. വിവര സാങ്കേതിക രംഗത്തെ വളർച്ച പരമ്പരാഗത വിദ്യാഭ്യാസ മേഖലയിൽ അചിന്തനീയമായ മാറ്റങ്ങൾക്കാണ് വഴിയൊരുക്കിയിരിക്കുന്നത്. നൂതന പഠനോപകരണങ്ങളുടേയും ദൃശ്യ ശ്രാവ്യ നവ മാധ്യമങ്ങളുടേയും സാന്നിധ്യം ക്ലാസ്സ് റൂം അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ മുഴുവൻ പരിമിതികളേയും ഇല്ലാതാക്കി. വിദ്യാഭ്യാസ പ്രക്രിയയിൽ ഡിജിറ്റൽ സങ്കേതങ്ങൾ കടന്നുവന്നു. ഇതിനെ പരമാവധി പ്രയോജനപ്പെടുത്തി വിജ്ഞാന ശേഖരണത്തിനു കൂടുതൽ ഉയരവും പറക്കാൻ ചിറകുകളും നേടുക.

# ***KITE MISTRESS***




AMBILI K NAIR



N.R SREEJAYA

# ***EDITORS***



Mridhula s lal



Aparna g nair



Akshay Suresh

## ഉള്ളടക്കം

വാകപ്പൂ കൊഴിഞ്ഞ കാലം (കഥ).................................... 12
അതിജീവനം (കഥ).................................................... 15
വെള്ളപ്പൊക്കക്കെടുതികൾ (അനുഭവക്കുറിപ്പ്).................. 19
ദുരിതപ്പെരുമഴ (കഥ).................................................. 23
പ്രളയസ്മരണകൾ (ആശംസ)........................................ 26
നവ കേരളം (കവിത).................................................. 28
അമ്മ എന്ന സത്യം (കവിത)......................................... 29
പഴയ കാലത്തെ തേടി (കവിത).................................. 30
എന്റെ പുന്നാരക്കഴുത ( കഥ)........................................ 32
കവിത (കവിത)........................................................ 33
നമ്മുടെ കേരളം (കഥ)................................................ 34
പരിസ്ഥിതി സംരക്ഷണവും
കാലാവസ്ഥ വ്യതിയാനവും (കഥ)............................. 35
ചക്കയും മുയലും (കഥ).............................................. 38
പ്രകൃതിയും മനുഷ്യനും (കവിത)................................. 40
പ്രകൃതിയാം മാതാവ് (കവിത)..................................... 41
അദിതിയുടെ തപസ്സ് (കഥ)......................................... 43
മിന്നാമിനുങ്ങ് (കവിത)................................................ 44
നന്മ നിറഞ്ഞ കേരളം (കവിത).................................. 48
സൗന്ദര്യലഹരി (കവിത)............................................. 49
ഹരിതമോഹനം (കഥ)............................................... 52

കഥകളി (ലേഖനം)................................................ 54

കാളകൾ (കവിത).................................................. 56

പൂക്കാലം (കവിത)................................................ 57

കുട്ടിയും തള്ളയും (കവിത)........................................ 59

ചെറുകഥ (ലേഖനം)................................................ 60

## രചയിതാക്കൾ

നന്ദന എം എം

മേഘാമോൾ ബി

ഷാനി ഷാജി

അശ്വിൻ സുരേഷ്

ഹരിപ്രിയ ബി

ഹർഷ ഹരികുമാർ

ആദിത്യൻ രാജേഷ്

രഹന രാജു

ഗായത്രി സി കെ

ലക്ഷ്മി വിനോദ്

ലനന്ദന വേണുഗോപാൽ

ഡോമിനി സജികുമാർ

ലക്ഷ്മി വിനോദ്

ഡാനി ബൈജു

ശ്രീപ്രിയ ഷാജി

ആരതി എം എ

അഞ്ജലി സന്തോഷ്

ദിവ്യ പ്രകാശൻ

# വാകപ്പൂ കൊഴിഞ്ഞ കാലം.....

ഒരു പാടുനാളത്തെ  കാത്തിരിപ്പിനുശേഷം വീണ്ടും വാകമരങ്ങൾ പൂത്തു, പൂക്കൾ കൊഴിക്കാനും തുടങ്ങി. ഒരു മഞ്ഞുള്ള  പ്രഭാതത്തിൽ വാകപ്പൂക്കളുടെ ഇടയിലൂടെ ഒരു പെൺകുട്ടി നടന്നു വന്നു. അവളെ കാത്ത് അവിടെ ഒരു ആൺകുട്ടി ഇരിപ്പുണ്ടായിരുന്നു. അവന്റെ മുഖത്ത് വല്ലാതെ സങ്കടമുണ്ടായിരുന്നു. ഒന്നും പറയാതെ അവൾ അവന്റെ അടുത്തു വന്നിരുന്നു. പരസ്പരം ഒന്നും പറയാതെ കുറേ നേരം അവർ അവിടെ ഇരുന്നു. പിന്നെ അവൾ അവന്റെ കൈയ്യിൽ മെല്ലെ തൊട്ടു. എന്നിട്ടു പറഞ്ഞു. എല്ലാം അവസാനിക്കാനുള്ള സമയമായി. അവൻ ഒന്നും പറഞ്ഞില്ല. അവന്റെ കണ്ണുകൾ നനവാർന്നു. പെട്ടെന്ന് കാർമേഘങ്ങൾ ഇരുണ്ടുകൂടി. അവന്റെ സങ്കടം കാണാൻ വയ്യാതെ സൂര്യൻ മേഘങ്ങളുടെ ഇടയിൽ മറഞ്ഞിരുന്നു. അവൾ പതുക്കെ എഴുന്നേറ്റു നടക്കാൻ തുടങ്ങിയപ്പോൾ അവൻ അവളുടെ കൈയ്യിൽ കയറി

പിടിച്ചു. അവൾ തട്ടി മാറ്റി നടന്നകന്നു. ഒരു കാറ്റ് ശക്തിയായി വാകമരത്തെ വന്നു കുലുക്കി. കുറെ പൂക്കൾ വന്നു അവളുടെ കൈയ്യിൽ വീണു. ആ പൂക്കൾ വന്നു വീണത് അവളുടെ കൈകളേക്കാൾ കൂടുതൽ മനസ്സിലായിരുന്നു. അവൻ അവന്റെ നനവാർന്ന കണ്ണുകൾ അടച്ചു. കഴിഞ്ഞു പോയ സുന്ദര നിമിഷങ്ങളോർത്തു. ഒരു വസന്തകാലം. വാകമരത്തിന്റെ ചുവട്ടിൽ കൂട്ടുകാരുമായി ഇരിക്കുമ്പോഴാണ് ആ ചെറുപ്പക്കാരന്റെ കണ്ണുകളിലേക്ക് ഒരു കരിമിഴി കുടുങ്ങിയത്. ആദ്യമായി കാണുന്നത് അന്നാണെങ്കിലും കണ്ടപ്പോൾ തന്നെ അയാൾക്ക് അവളെ ഇഷ്ടമായി. ആദ്യം എല്ലാം അവളെ നോട്ടം കൊണ്ട് ശല്യപ്പെടുത്തി. പിന്നെ ചിരികൊണ്ട്.... വാക്കുകൾ കൊണ്ട്....പിന്നെ അവർ അറിയാതെ അവർ പ്രണയിക്കാൻ തുടങ്ങി. എപ്പോഴാണ് അവന് അവൾ ഉടലും ഉയിരും ആയതെന്ന് അറിയില്ല.

മുഖത്ത് എന്തോ വന്നു വീണപ്പോൾ അവൻ കണ്ണു തുറന്നു. മഴത്തുള്ളികൾ ആകാശത്ത് നിന്ന് വീഴാൻ

തുടങ്ങി. അപ്പോൾ അവനു തോന്നി തനിക്കു കൂട്ടായി ആകാശവും കരയുകയാണെന്ന്. അതെ അവൻ ഇപ്പോൾ ഒറ്റക്കാണ്. അവളും ഞാനും എന്ന യാഥാർത്ഥ്യത്തിൽ നിന്നും അവസാനം ഞാൻ മാത്രമായി അവശേഷിച്ചു. അന്നും അവൾ എന്നെ ഇഷ്ടമാണെന്ന് പറയുമ്പോൾ എന്തോ എനിക്കുപോലും എന്തെന്നറിയാത്ത സൗന്ദര്യം തോന്നി. എന്റെ സങ്കടങ്ങൾ അവളുടേത് കൂടിയാക്കിയപ്പോൾ എന്നും നീ എന്റെ കൂടെ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു.. എന്നാൽ........അവൾ എവിടെയോ പോയി മറഞ്ഞു.

ഒറ്റക്കല്ലെന്ന് നൂറുവട്ടം പഞ്ഞതും നീ, ഒറ്റയ്ക്കാക്കി പോയതും നീ.....സ്നേഹിക്കാൻ പഠിപ്പിച്ചതും നീ, സ്നേഹം കാണാതെ പോയതും നീ..... മറന്നാൽ മരണമെന്ന് പറഞ്ഞതും നീ, മരിക്കും മുമ്പേ മറന്നതും നീ.............

-*Nandhana MM*

# അതിജീവനം

നന്നായി മഴ പെയ്യുന്നുണ്ടായിരുന്നു. എങ്കിലും ചന്ദ്രൻ പൂർണ്ണ രൂപത്തിൽ ആകാശത്ത് നിൽക്കുന്നുണ്ടായിരുന്നു. ഇടയ്ക്ക് എപ്പോഴോ മഴ കനത്തു. കാർമേഘങ്ങൾ അതിവേഗത്തിൽ ചന്ദ്രപ്രഭ കുറച്ചുകൊണ്ടേയിരുന്നു. ഇരുട്ടിലാഴ്ന്ന പ്രപഞ്ചത്തിനു വെളിച്ചമെന്നപോലെ പരിഭവം പറയാതെ മിന്നലും സ്ഥാനം പിടിച്ചു കഴിഞ്ഞിരുന്നു മഴയ്ക്കൊപ്പം. ഇപ്പോൾ സമയം തീർത്തും അർധരാത്രിയായി കാണണം. ചുറ്റും ഇരുട്ട് മാത്രം. ചങ്ങാടം ഏതുദിശയിലേക്കാണെന്നറിയാൻ കഴിയുന്നില്ല. അവൾ പതുക്കെ അവന്റെ തലയിൽ കൈകൊണ്ട് തഴുകി. ക്ഷീണിച്ച് അവശനായതുകൊണ്ടാവണം അവൻ അറിഞ്ഞതേയില്ല. ശല്യപ്പെടുത്തേണ്ട എന്ന തോന്നലാവണം പിന്നെ അവൾ വിളിക്കാൻ മുതിർന്നില്ല. കാറ്റ് നന്നായി വീശുന്നുണ്ടായിരുന്നു. വെള്ളത്തിനു അടിയൊഴുക്ക് അധികമായി. ചങ്ങാടം വല്ലാണ്ട് ഇളകാൻ തുടങ്ങി. നിദ്രയിൽ നിന്ന് അവൻ ഉണർന്നു. രണ്ട് പേരും പരസ്പരം ചങ്ങാടത്തിലെ കൂരയിൽ കയറി ചേർന്നിരുന്നു. അവളെ സംബന്ധിച്ച് ഒരിക്കലും അറിയാത്ത ഒരനുഭവമായിരുന്നു ഇത്.ഒരുവിധം സാമ്പത്തിക ശേഷിയുള്ള കുടുംബത്തിലെയായിട്ടാവണം അവൾ ഇതൊക്കെ അനുഭവിച്ചിട്ടില്ല. അതുകൊണ്ട് തന്നെ വളരെ പ്രയാസപ്പെട്ടു അവൾ. എങ്കിലും അവൾക്കൊന്നിലും

വിഷമം അനുഭവപ്പെട്ടില്ല. പച്ചയായ പ്രണയത്തിനു വേണ്ടിയാണല്ലോ എന്നോർത്തുകൊണ്ട് ഉരുകി ഉരുകി അണയാറാകുന്ന മെഴുകുതിരി നാളത്തിന്റെ മുന്നിൽ അവർ പരസ്പരം മുഖം നോക്കിയിരുന്നു. പണത്തിനോ സമ്പത്തിനോ ജാതിവിവേചനത്തിനോ സ്ഥാനമില്ലാത്ത ഒരു പുതിയ ജീവിതത്തിന്റെ തുടക്കം കുറിക്കുവാനായി. മഴയൊന്നു കുറഞ്ഞു. എങ്കിലും പാതിരാക്കാറ്റ് അവളുടെ മുഖത്തും മുടിയിലും തഴുകികൊണ്ട് അവിടെയും ഇവിടെയുമെല്ലാം പരതുന്നുണ്ടായിരുന്നു. ആ കാറ്റിൽ അവൾ മെല്ലെ ഒന്ന് മയങ്ങി. മയക്കത്തിനിടയിൽ ജീവിതത്തിൽ ഈ നിമിഷത്തിലേയ്ക്ക് എത്തിച്ച കാര്യങ്ങൾ പലതും ഓർക്കാൻ തുടങ്ങി. ഒരു സ്വപ്നമെന്നമട്ടിൽ അവൾ അവ ഓരോന്നായി ഓർത്തുകൊണ്ടേയിരുന്നു. അവന്റെ മടിയിലേക്ക് ചാഞ്ഞു.

മാതാപിതാക്കളുടെ മരണശേഷം തികച്ചും ഒറ്റപ്പെട്ടു പോയ ഒരു ബാലനായിരുന്നു ആദി. ബാലസദനത്തിലും ഹോസ്റ്റലുകളിലും നിന്നാണ് അവൻ പഠിച്ചു വളർന്നത്. പഠനത്തിലും ഗാനത്തിലും മുൻപന്തിയിലായിരുന്നു അവൻ. പകുതി സമയം ജോലി ചെയ്തും പഠിച്ചുമാണവൻ ഫീസ്സ് അടച്ചുകൊണ്ടിരുന്നത്. ആരോരുമില്ലാഞ്ഞിട്ടും ഒരു ചീത്ത കൂട്ടുകെട്ടുമില്ലാതെ ജീവിച്ചു. ഒരു ജോലി അന്വേഷിച്ചാണവൻ ആമിയുടെ വീട്ടിൽ എത്തിയത്. കണ്ടമാത്രയിൽ തന്നെ അവൾക്ക് അവനെ ഇഷ്ടപ്പെട്ടു. ഐശ്വര്യം നിറയുന്ന മുഖം തറവാടിത്തം തുളുമ്പുന്ന

സംസാരവും കണ്ടാൽ ആരും പറയില്ല ഒറ്റയ്ക്കാണെന്ന്. സമ്പന്നനായ അവളുടെ കുടുംബത്തിലെ ഡ്രൈവറായാണ് അവൻ ജോലിയ്ക്ക് നിൽക്കുന്നത്. പെട്ടെന്ന് തന്നെ അവർ രണ്ടും നല്ല കൂട്ടായി. എന്നാൽ അവളുടെ മനസ്സിൽ സൗഹൃദത്തിനു പകരം ദയയും പ്രണയവുമായിരുന്നു. തന്റെ ഇഷ്ടം അവനോട് പറഞ്ഞപ്പോൾ അവൻ പല തവണ നിരസ്സിച്ചു. അവൻ നിരസ്സിക്കുമ്പോഴെല്ലാം അവൾ കൂടുതൽ കൂടുതൽ അടുത്തുകൊണ്ടേയിരുന്നു. വീട്ടിൽ എല്ലാവരും അവളുടെ പ്രണയം അറിഞ്ഞു. അവനെ ഉപദ്രവിച്ചു പുറത്താക്കി. എങ്കിലും അവൾക്ക് മറക്കുവാൻ കഴിയില്ലായിരുന്നു. കാരണം അവൾ പ്രണയിച്ചത് ജാതിയോ മതമോ സമ്പത്തോ നോക്കിയല്ലായിരുന്നു. മറിച്ച് പച്ചയായ ഒരു മനുഷ്യനെയായിരുന്നു. വീടുവിട്ടവൾ അവന്റെ അടുക്കലെത്തി. എന്നിട്ടും അവൻ അവളെ സ്വീകരിച്ചില്ല. അവളുടെ മാതാപിതാക്കളെ പോലെ അവളെ നോക്കാൻ കഴിയില്ലെന്നു അവനറിയാമായിരുന്നു. അവൻ തന്നെ അവളെ വീട്ടിലെത്തിച്ചു. അവൾ ഒരുപാട് കരഞ്ഞു. വീട്ടിലെത്തിയ ശേഷം അവനു തീരെ സമാധാനം ഉണ്ടായില്ല. എവിടെയോ അവളോടുള്ള സ്നേഹം അവനിലും മൊട്ടിട്ടു കഴിഞ്ഞു. അവൻ അവളെ കാണാൻ വീട്ടിലെത്തി. എന്നാൽ ആരും കാണാൻ സമ്മതിച്ചില്ല. അവനെ പുറത്താക്കി. ഇനിയും ഒരുമിച്ച് ജീവിക്കാൻ വേണ്ടി അവർ ഒളിച്ചോടാൻ തീരുമാനിച്ചു. രണ്ടുപേരും

***കൂടി വീട്ടിൽ നിന്ന് ഇറങ്ങിയപ്പോഴെ എല്ലാവരും അറിഞ്ഞു. അവരെ കണ്ടുപിടിച്ചു. അവരിൽനിന്നും രക്ഷപെടാൻ ഒരു മാർഗ്ഗവും ഇല്ലായിരുന്നു. എങ്കിലും അതിജീവിച്ചേ പറ്റൂ. അതിനാൽ അവിടെ കണ്ട ചങ്ങാടത്തിൽ കയറിയാണ് രണ്ടുപേരും സ്വയരക്ഷയ്ക്കെന്ന പോലെ കയറഴിച്ചുവിട്ടത്. ഒരു പുതു തീരം തേടി. വെളുക്കുന്നതിനു മുമ്പ് തന്നെ മറ്റൊരു കരയിൽ എത്തണം. ജീവിതത്തിലെ പുതിയ പച്ചപ്പ് നട്ടു വളർത്തണം. പഴയതെല്ലാം മായ്ച്ചുവെച്ച് ഒരു പുതു ജീവിതത്തിന് തുടക്കം കുറിക്കണം.***

***ആമി......അവൻ തട്ടി വിളിച്ചു. അവൾ പെട്ടെന്ന് തന്നെ ഉണർന്നു. അവർ രണ്ടുപേരും കൂടി ഒന്നു ചേർന്നിരുന്നു. അപ്പോഴേയ്ക്കും കിഴക്ക് നിന്നും സ്വർണ്ണം പടരുവാൻ തുടങ്ങിയിരുന്നു.***

**-Meghamol B**

# വെള്ളപ്പൊക്കക്കെടുതികൾ

ജൂൺ മാസാരംഭത്തിലാണ് കേരളത്തിൽ കാലവർഷം ആരംഭിക്കുന്നത്. തെക്കുപടിഞ്ഞാറൻ കാറ്റ് ഊക്കോടെ അടിച്ചുകൊണ്ടുവരുന്ന കരി മേഘങ്ങൾ കേരളത്തിൽ കനത്ത മഴയാണ് കോരിച്ചൊരിയുന്നത്. തുള്ളിക്കൊരു കുടം എന്നപോലെ പെയ്യുന്ന പേമാരിയോടൊപ്പം ഇടിയും മിന്നലും കൊടുംകാറ്റും ഉണ്ടാകുന്നത് സാധാരണയാണ്. മലമുകളിൽ നിന്ന് വരുന്ന പെരുവെള്ളപ്പാച്ചിലിൽ നമ്മുടെ നദികളൊക്കെ നിറഞ്ഞുകവിയുന്നു. അവ ഇരുകരകളേയും ഇടിച്ചു മറിച്ചുകൊണ്ട് പാഞ്ഞൊഴുകുമ്പോൾ നമ്മുടെ വയലുകളും പറമ്പുകളും താഴ്ന്ന ഇടങ്ങളും മുങ്ങിപ്പോകുന്നു. ചിലപ്പോൾ മനുഷ്യർ തന്നെയും വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോകാറുണ്ട്. നമ്മുടെ കാർഷിക വിഭവങ്ങളും വീടുകളും വളർത്തു മൃഗങ്ങളും നശിച്ചു പോകുന്നു. 1992 ഒക്ടോബർ-നവംബർ മാസങ്ങളിൽ കേരളത്തിലുണ്ടായ പേമാരിയും ചുഴലിക്കാറ്റും തികച്ചും അപ്രതീക്ഷിതവും അതിഭീകരവുമായിരുന്നു.

പ്രളയത്തിൽപ്പെട്ട് ആയിരക്കണക്കിനു വീടുകൾ

പൂർണ്ണമായോ ഭാഗികമായോ തകർന്നുപോയി. നൂറിലധികം മനുഷ്യരുടെ ജീവനാണ് അന്ന് വെള്ളപ്പൊക്കം കവർന്നെടുത്തത്. കോടിക്കണക്കിനു രൂപയുടെ കാർഷിക വിഭവങ്ങളാണ് നശിച്ചുപോയത്. പല റോഡുകളും പാലങ്ങളുമാണ് ആ പ്രളയത്തിൽ ഒലിച്ചുപോയത്. രാജ്യത്തിന്റെ ചില ഭാഗങ്ങൾ വാഹനങ്ങൾ കടന്നു ചെല്ലാൻ പറ്റാത്ത വിധം ഒറ്റപ്പെട്ടു. ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിലെ ജനങ്ങൾക്ക് ഹെലികോപ്പ്റ്ററുകളിൽ ഭക്ഷണപ്പൊതികൾ വിതരണം ചെയ്യേണ്ടതായി വന്നു. ആയിരക്കണക്കിനു ആളുകൾക്ക് സൗജന്യ റേഷനും ഭക്ഷണവും നൽകേണ്ട ബാധ്യത സർക്കാരിനു ഏറ്റെടുക്കേണ്ടതായി വന്നു. നൂറുകണക്കിനു കുടുംബങ്ങളുടെ ബാധ്യത ഗവൺമെന്റിനു നേരിടേണ്ടതായി വന്നു.

വെള്ളപ്പൊക്ക ദുരന്തങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ ഉണ്ടാകുമ്പോൾ നാം വേവലാതിപ്പെടുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നാം ഹൃദയപൂർവ്വം പങ്കുചേരുന്നു. പൊതു ഖജനാവിലെ വളരെ അധികം പണം പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും ചെലവഴിക്കുന്നു. എന്നാൽ ഇത്തരം വിനാശകരമായ അവസ്ഥ ഉണ്ടാകാതിരിക്കാനുള്ള മാർഗങ്ങളെപ്പറ്റി നാം

ഗൗരവപൂർവ്വം ചിന്തിക്കുന്നില്ല. ദീർഘവീക്ഷണത്തോടെ ചില കരുതൽ നടപടികൾ കൈക്കൊണ്ടാൽ ചുഴലിക്കാറ്റും പേമാരിയും മൂലം ഉണ്ടാകുന്ന കെടുതികൾ ഒരളവുവരെ കുറയ്ക്കാൻ കഴിയുമെന്നാണ് വിദഗ്ദ്ധൻമാരുടെ അഭിപ്രായം. കാലാവസ്ഥ നിരീക്ഷകരുടെ മുൻകൂട്ടിയുള്ള അറിയിപ്പുകൾ ഇതിനു കൂടുതൽ സഹായകരമായിരിക്കുകയും ചെയ്യും.

ജലാശയങ്ങളുടെ തീരങ്ങളിലും മറ്റു താഴ്ന്ന പ്രദേശങ്ങളിലും താമസിക്കുന്നവരെ പെട്ടെന്ന് മാറ്റി പാർപ്പിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കാൻ കഴിയുമോ എന്ന് ആലോചിക്കണം. മലയിലെ മണ്ണിടിച്ചിലും മണ്ണൊലിപ്പും മൂലം നമ്മുടെ ജലസംഭരണികൾ നികന്ന് വെള്ളം ഉൾക്കൊള്ളാൻ ശേഷിയില്ലാതെ വരുമ്പോഴാണ് അണക്കെട്ടുകൾ കവിഞ്ഞൊഴുകുന്നത്. ഈ കവിഞ്ഞൊഴുകൽ നദികളിൽ പെട്ടെന്ന് വെള്ളമുയരാനും തീരപ്രദേശങ്ങളെ വെള്ളത്തിൽ മുക്കാനും ഇടയാകുന്നു. അതുകൊണ്ട് മണ്ണിടിച്ചിലും മണ്ണൊലിപ്പും എങ്ങനെ തടയാം എന്നതിനേക്കുറിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ ചിന്താപദ്ധതികൾ ആവശ്യമാണ്. മഴക്കാലത്ത് കുതിച്ചൊഴുകുന്ന ജലം പ്രത്യേകം ശേഖരിച്ച് പിന്നീട് ഉപയുക്തമാക്കാൻ കഴിയുന്ന  സംവിധാനം ഉണ്ടെങ്കിൽ

***പ്രളയത്തിന്റെ ഉഗ്രത കുറയ്ക്കാനും വെള്ളം നഷ്ടപ്പെട്ടു പോകാതെ വേനൽക്കാലത്ത് അത് ഉപകരിക്കാനും സാധിക്കും.***

***കൊടുംകാറ്റും പേമാരിയും മൂലമുണ്ടായ കെടുതികളേക്കാൾ ഉരുൾപൊട്ടലുകൾ കൊണ്ടുണ്ടായ ദുരന്തങ്ങളായിരുന്നു ഭീകരം. എങ്ങനെ ഉരുൾപൊട്ടലുകൾ ഉണ്ടാകുന്നു എന്നതിനെപ്പറ്റി ചില ശാസ്ത്രീയ നിർവചനങ്ങൾ നമുക്കറിയാം. എന്നാൽ അതൊഴിവാക്കാനുള്ള ശാസ്ത്രീയവും നിഷ്കർഷവുമായചില മുൻകരുതലുകളും ഉണ്ടായാൽ പ്രളയക്കെടുതികൾ കുറച്ചു കൊണ്ടുവരാൻ കഴിയുമെന്നതിനു സംശയമില്ല.***

*-Shani Shaji*

# ദുരിതപെരുമഴ

രാമു എന്ന് പറയുന്ന ഒരു കുട്ടി. അവൻ കൂട്ടുകാരുമൊത്ത് ആഹ്ലാദത്തോടെ മഴയത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരാഴ്ചയായി കോരിച്ചൊരിയുന്ന മഴയിൽ കളിക്കാൻ ഇന്നാണ് അവസരം കിട്ടിയത്. പുഴയും തോടുമെല്ലാം നിറഞ്ഞു കവിഞ്ഞു. അപ്പോഴാണ് അമ്മയുടെ വിളി അവൻ കേട്ടത്. മകന്റെ കുസൃതി കണ്ട് അമ്മ അവനെ ശകാരിച്ചു. അങ്ങനെ അവർ രണ്ട് പേരും വീട്ടിലേക്ക് പോന്നു. മഴയുടെ കലി എന്നിട്ടും അടങ്ങിയില്ല. രാവിലെ അവൻ ഉണർന്നപ്പോൾ കണ്ട കാഴ്ച അമ്മയും അച്ഛനും വീട്ടുസാധനങ്ങളെല്ലാം  മുകളിൽ കയറ്റി വയ്ക്കുന്നതാണ്. ഒന്നും മനസ്സിലാകാതെ അവൻ അവരുടെ അരികിലേക്ക് നടന്നു. അരയോളം വെള്ളത്തിൽ നിന്ന അവന് ഒരു അടിപോലും മുന്നോട്ട് വയ്ക്കാൻ പറ്റിയില്ല. അപ്പോഴാണ് അവനു കാര്യങ്ങളുടെ സ്ഥിതി മനസ്സിലായത്. വെള്ളപാച്ചിലിൽ അവന് അവന്റെ പ്രിയപെട്ട കളിപാട്ടങ്ങളും പുസ്തകങ്ങളും കുപ്പായവും എല്ലാം നഷ്ടമായി. അമ്മയും അച്ഛനും എന്തുചെയ്യണമെന്നറിയാതെ പരക്കം പായുകയാണ് വിശപ്പ് സഹിക്കാൻ വയ്യാതെ അവൻ അമ്മയോട് എന്തെങ്കിലും തരാൻ ആവശ്യപെട്ടു. എന്നാൽ ആ

ചോദ്യത്തിനു മുന്നിൽ അമ്മയുടെ കണ്ണുകൾ നനഞ്ഞു. ഒരു സാധനം പോലും വയ്ക്കാതെ എല്ലാം വെള്ളം കൊണ്ടുപോയി. ഓരോ നിമിഷം കഴിയും തോറും വെള്ളം കൂടുന്നതല്ലാതെ വേറൊരു മാറ്റവുമില്ല. മഴയുടെ ശക്തിയും കൂടി കൂടി വന്നു. ആ അമ്മയും അച്ഛനും മകനെയും കെട്ടിപ്പിടിച്ച് മച്ചിൻപുറത്ത് കയറിയിരുന്നു. അടുത്തെങ്ങുംആരും ഉണ്ടായിരുന്നില്ല. പ്രാർത്ഥിക്കുക എന്നല്ലാതെ അവർക്കൊന്നും ചെയ്യാനില്ലായിരുന്നു. അപ്പോഴാണ് ആരോ പറഞ്ഞത് ഞങ്ങളെ തിരക്കി കുറേ ഉദ്യോഗസ്ഥർ ബോട്ടുകളിൽ അവിടെ എത്തിയത്. അവർ ഞങ്ങളെ സുരക്ഷിതരായി ഒരു ക്യാമ്പിൽ കൊണ്ടാക്കി. അവിടെ ഞങ്ങളെ പോലെ ആയിരക്കണക്കിന് ആളുകൾ ഉണ്ടായിരുന്നു. അവരുടെ ഇടയിൽ ഞങ്ങൾ ഞങ്ങളുടെ സങ്കടങ്ങളെല്ലാം മറക്കും. ഓരോരുത്തരും സ്നേഹത്തോടെ ഓരോ സഹായങ്ങൾ വച്ചുനീട്ടി. ഒരുനേരത്തെ ആഹാരത്തിനു വേണ്ടി കൊതിച്ച രാമുവിന് അവിടെ പുതിയ കുപ്പായങ്ങളും കളിപ്പാട്ടങ്ങളും പുസ്തകങ്ങളും അതിലുപരി ധാരാളം കൂട്ടുകാരെയും കിട്ടി. അങ്ങനെ അവിടെ കുറേ നാളുകൾ തങ്ങി. ഉറ്റവരെ പിരിയുന്നതിനേക്കാൾ സങ്കടത്തോടെ അവിടെ നിന്നവർവീട്ടിലേക്ക് മടങ്ങി. അവിടെയും അവർക്ക് പരാജയമാണ് ഉണ്ടായത്. അവരുടെ വീടിന്റെ സ്ഥാനത്ത് രണ്ട് മൂന്നു തൂണുകൾ മാത്രം. ബാക്കിയെല്ലാം വെള്ളത്തിൽ ഒലിച്ചുപോയി. സ്വന്തം

***എന്ന് പറയാൻ ഉണ്ടായിരുന്ന വീടും അവർക്ക് നഷ്ടമായി. എന്തുചെയ്യണമെന്നറിയാതെ സങ്കടപ്പെട്ടിരുന്ന അവരുടെ ഇടയിലേക്ക് താങ്ങും തണലുമായി കുറേ നല്ല മനസ്സുകൾ വന്നു. അങ്ങനെ എല്ലാവരും ചേർന്ന് അവർക്ക് ഒരു പുതിയ വീട് വച്ച് കൊടുത്തു. പിന്നീട് അവർ അവിടെ സന്തോഷത്തോടെ ജീവിച്ചു.***

*-Aswin Suresh*

# പ്രളയസ്മരണകൾ

ആദ്യമേ തന്നെ പറഞ്ഞുകൊള്ളട്ടെ , എല്ലാവർക്കും കേരളപ്പിറവി ആശംസകൾ. ഇന്ന് നമ്മുടെ കേരളത്തിന്റെ 62-ാം ജന്മദിനം. കേരളീയർ ആഘോഷിച്ചു കൊണ്ടിരിക്കുന്ന ഈ ദിനം കേരളത്തിന്റെ ജന്മദിനമാണ്.

കേരളം 1956 നവംബർ 1-ന് ഒരു സംസ്ഥാനമായി പ്രഖ്യാപിച്ചു. ഇന്നേക്ക് 62 വർഷം തികയുന്നു. വന്നുപോയ പ്രളയത്തിനൊടുവിൽ ഒരു അതിജീവനത്തിലൂടെ നവകേരളമായി മാറ്റുകയാണ് മാനവർ. ഒരു ദുരിതത്തിനൊടുവിലും നമ്മുടെ കൂട്ടുകാരെ കൈപിടിച്ച് രക്ഷിച്ച നാട്ടുകാരെയും നമുക്ക് മറക്കുവാൻ സാധിക്കുകയില്ല.

ചീത്തയാളുകൾ എന്ന് കുത്തുവാക്കുകൾ പറഞ്ഞ ആളുകൾ നമ്മുടെ രക്ഷകനായി മാറിയത് ആ ദിനങ്ങളിൽ ആയിരുന്നു. നല്ലയാളുകൾ എന്ന് പറയുന്ന ആളുകളോ പ്രളയം വരുന്നു എന്നറിഞ്ഞ സമയത്തു തന്നെ കുടുബത്തെയും നാട്ടുകാരെയും ഉപേക്ഷിച്ച് തന്റെ

ജീവൻ രക്ഷപെടുത്തുവാൻ പോയവരാണ്.

അതിലുപരി നമ്മെ രക്ഷിച്ച

ചിത്തയാളുകൾ എന്ന് പറഞ്ഞ കൂട്ടുകാരെ നമുക്ക്

ആദരിക്കേണ്ട ദിനം കൂടിയാണ് ഇന്ന്. സ്വന്തം ജീവൻ

തന്നെ ത്യജിച്ച് നമ്മുടെ ജീവൻ രക്ഷിച്ച അവരെ നമ്മൾ

ഈ ദിനം ആദരിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ

നാടിനെ നമുക്ക് മറക്കാൻ സാധിക്കില്ല. കാരണം

കേരളം നമ്മുടെ മാതാവാണ്.....

മാതൃഭാഷയാണ്.............

*-Haripriya B*

# നവ കേരളം

പ്രളയമാം ചാത്തനെ ജയിച്ചടക്കി
ധൈര്യത്തിൻ നറുമണം തൂകി ഞങ്ങൾ
ക്രൂരനാം പ്രളയത്തെ നേരിട്ടു ഞങ്ങൾ
ധീര യോദ്ധാക്കളാം കേരളമക്കൾ
ആയിരം കൈകളാൽ താങ്ങിയെടുത്തു നാം
ജീവന്റെ ജീവനാം പൊൻ കേരളം
എതിരിട്ടു തോൽപ്പിക്കാനാവില്ല ഞങ്ങളെ
ഇനിയൊരു ദുരിതത്തെ നേരിടും നാം
നേരിടും നാം നേരിടും നാം

*-Harsha Harikumar*

# അമ്മ എന്ന സത്യം

ജനന സമയത്ത് കൺതുറന്നതും
കണ്ടത് അമ്മയെ മാത്രമാ....

നാവിൽ ഊറുന്ന ആദ്യ അക്ഷരം
അമ്മയെന്നത് മാത്രമാ....

സങ്കടങ്ങളിൽ കൂട്ടുകൂടുന്ന
ജീവിതം അമ്മ മാത്രമാ....

അമ്മതൻ ചൂടുപറ്റി അലിയുവാൻ
ഇന്നും എന്നിൽ കൊതിയാ....

ജീവിതത്തിന്റെ കഠിനപാതയിൽ
കൂട്ടായി നിൽക്കുന്നതമ്മയാ....

*-Adithya Rajesh*

# പഴയകാലത്തെ തേടി

**ആരോ ചൊല്ലിയെൻ കാതിൽ**
**എന്നെ ഞാനാക്കി മാറ്റിയ കവിത**

**ആരോ തഴുകി ഉണർത്തി**
**എന്നെ ആരോ കഥയിൽ മയക്കി**

**ഇന്നും ഞാൻ ഓർപ്പതുണ്ടവിടെ**
**എന്നെ സ്നേഹത്തിൽ തഴുകിയതവിടെ**

**എന്നെ വിളിപ്പതുണ്ടാരോ കാത്ത്**
**കാത്ത് നിൽക്കുന്നതും ആരോ**

**രാവിൽ നിലാവിന്റെ അരികിൽ**
**ഞാൻ  എന്നെ കാണുവതെന്തിനോ**

**ഒടുവിൽ ചെന്നെത്തി ഞാനും**
**ആ സ്നേഹക്കിളിക്കൂടിനരികിൽ.**

*-Adithyan Rajesh*

# എന്റെ പുന്നാരക്കഴുത

അലക്കുകാരൻ വേലുവിന്റെ അരുമക്കഴുതയാണ് ബോലു. പണിചെയ്യുവാൻ ബോലുവിന് മടിയാണ്. ഇളം പുല്ല് തിന്നുക എവിടെയെങ്കിലും സ്വസ്ഥമായി കിടന്ന് സ്വപ്നം കാണുക അതുമാത്രമാണ് അവന്റെ ആഗ്രഹം. അവധിക്കാലം ആയതിനാൽ വേലുവിന് പിടിപ്പത് പണിയുണ്ട്. വിഴുപ്പ് തുണികൾ അലക്കുക ഉണക്കുക ഇസ്തിരിയിടുക. ഇതൊക്കെ പട്ടണത്തിൽ അയാൾ തന്നെ കൊണ്ടു പോയി ചെയ്യുകയാണ്. പട്ടണത്തിലേക്ക് പോകുമ്പോൾ കഴുതയുടെ പുറത്തു വയ്ക്കുന്നതിനേക്കാൾ വലിയൊരു കെട്ടുതന്നെ തലയിൽ വെച്ചിട്ടുണ്ടാകും വേലു. വഴിയരികിൽ നിന്ന് പലരും പറയുന്നത് അയാൾ കേൾക്കാറുണ്ട്. "ലേ പോണു രണ്ടു കഴുതകൾ" സാരമില്ല. അവർക്ക് തന്റെ കഷ്ടപ്പാടുകൾ അറിയില്ലല്ലോ. ഓർമ്മ വെച്ച നാൾ തുടങ്ങിയതാണ് ഈ പണി. "അധ്വാനിച്ച നേടുന്ന അന്നത്തിനേ രുചിയുണ്ടാകൂ."എന്ന് പഠിപ്പിച്ച അച്ഛന്റെ വാക്കുകൾ ഇടക്കിടെ മനസ്സിൽ കയറി വരും. "എനിക്കിനി വയ്യ." ബോലു വേലുവിനോട് പറഞ്ഞു. നിന്റെ പുറം വേദനിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഞാൻ തടവിത്തരാം. അയാൾ ബോലുവിന്റെ പുറം തടവാൻ തുടങ്ങി. "അതല്ല ചുമടേറ്റാൻ എനിക്കു വയ്യ. നിങ്ങൾക്ക് ഒരു വണ്ടിവാങ്ങിക്കൂടേ." അപ്പോൾ അതാണ് കാര്യം. അവന്റെ കൈയ്യിലിരിപ്പ് മനസ്സിലാക്കിയ വേലു

***കുറച്ചകലെ നിൽക്കുന്ന ഒട്ടകത്തിന് നേരേ വിരൽ ചൂണ്ടി. "നീയിത് കണ്ടോ" " ഉവ്വ്" അവൻ തലയാട്ടി. എന്റെ അപ്പൂപ്പന്റെ കഴുതയായിരുന്നു അവൻ ചുമടേറ്റുന്ന കാര്യം പറയുമ്പോൾ തുടങ്ങും. അവന്റെ കരച്ചിൽ മന്ത്രവാദി കൂടിയായിരുന്ന എന്റെ അപ്പൂപ്പൻ ദേഷ്യം മൂത്ത് അവനെ ശപിച്ചു. ഒരു ഒട്ടകമാക്കി അതുകൊണ്ട് ഇപ്പോഴെന്താ ചുമട് എടുക്കാൻ മടികാട്ടിയ അവന്റെ മുതുകിൽ ദാ ഇരിക്കുന്നു. ഒരിക്കലും മാറാത്ത ഒരു വലിയ ചുമട്. അപ്പൂപ്പൻ മന്ത്രങ്ങൾ കുറച്ച് എനിക്കും പറഞ്ഞുതന്നിട്ടുണ്ട് വേണമെങ്കിൽ..... ക്ഷമിക്കണേ. ഇനി ഞാൻ മടികാണിക്കില്ല. ഒട്ടകച്ചാരുടെ ചുമടോർക്കുമ്പോൾ. എന്റെ എത്രനിസ്സാരം. എനിക്ക് ഇടക്കെങ്കിലും ഒന്നു. വിശ്രമിക്കാമല്ലോ. ഒട്ടകത്തെ ജീവിതത്തിൽ ആദ്യമായി കണ്ട ബോലു പറഞ്ഞു. നല്ലവനായി മാറിയ തന്റെ കഴുതയെ വേലു സ്നേഹപൂർവം കെട്ടിപിടിച്ച് എന്റെ പുന്നാരക്കഴുത.***

***-Rahana Raju***

# കവിത

**കേരള മണ്ണിൽ പിറന്നവർ നമ്മൾ**
**ഇതിഹാസ മധുരം നുകർന്നവർ നമ്മൾ**
**ഇടനെഞ്ചിൽ ആനന്ദ ശ്രുതി ചേർത്ത് പാടാം**
**വന്ദേമാതരം (3)**
**ആ.........ആ..........ആ..........ആ.........**
**(കേരള മണ്ണിൽ..............................)**

**കൈകൾ കോർത്ത് മുന്നേറുക നമ്മൾ**
**നാടുകൾ ഒന്നിച്ച് നമ്മൾ**
**നാടുകൾ ഒന്നിച്ച് ചേർത്ത് പാടാം**
**വന്ദേമാതരം (3)**
**ആ.........ആ..........ആ..........ആ.........**
**(കേരള മണ്ണിൽ..............................)**

**ആനന്ദത്തോടെ മുന്നേറുക നമ്മൾ**
**ആനന്ദം നിറഞ്ഞ നാടുകൾ നമ്മൾ**
**ആനന്ദം നുകർന്നു പാടാം**
**വന്ദേമാതരം (3)**
**ആ.........ആ..........ആ..........ആ.........**
**(കേരള മണ്ണിൽ..............................)**

*-Gayathri CK*

# നമ്മുടെ കേരളം

*നന്മകൾ  നിറഞ്ഞ കേരള നാടിന്*
*ഐശ്വര്യമേകുമെൻ മലയാളഭാഷ*
*കേരവൃക്ഷങ്ങളും കവികളും പൂക്കളും*
*ഒന്നായ് നിൽക്കുന്ന കേരളനാട്*
*മതമേതായാലും ജാതിയേതായാലും*
*ഒരുമയുള്ള കേരളീയർ നമ്മൾ*
*പ്രളയം കൊണ്ടുപോയി എല്ലാവരിൽ നിന്നും*
*ഒരുപിടിമണ്ണുങ്ങകന്നു പോയി*
*ഒരുപിടി മണ്ണിനായ് ഒത്തൊരുമിച്ച്*
*കൈകോർത്തു നിൽക്കുന്ന നമ്മൾ കേരളീയർ*
*ഒരുമയൊടൊന്നിച്ച് എവിടെ നിൽക്കുന്നുവോ*
*അവിടെയുണ്ടെൻ ഐശ്വര്യവും*

-Lakshmi Vinod

# പരിസ്ഥിതി സംരക്ഷണവും കാലാവസ്ഥ വ്യതിയാനവും

പരിസ്ഥിതി സംരക്ഷിക്കേണ്ടത് കാലാവസ്ഥ വ്യതിയാനം ഉണ്ടാകാതിരിക്കുന്നതിന് അനിവാര്യമാണ്. മലകൾ ഇടിച്ച് നിരത്തിയും മരങ്ങൾ വെട്ടി നശിപ്പിച്ചും വനനശീകരണം നടത്തിയും മനുഷ്യർ അവരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കായി പരിസ്ഥിതിയെ ചൂഷണം ചെയ്യുമ്പോൾ അവയ്ക്ക് പ്രകൃതി നൽകുന്ന തിരിച്ചടിയാണ് കാലാവസ്ഥ വ്യതിയാനം. പതിനായിരക്കണക്കിന് മരങ്ങൾ വെട്ടി നശിപ്പിക്കപ്പെടുമ്പോൾ പത്തോ ഇരുപതോ വൃക്ഷത്തൈകൾ നടുകയും അവയെ തന്നെ വേണ്ട വിധത്തിൽ പരിപാലിക്കുകയും ചെയ്യാത്ത ഒരു സമൂഹമാണ് ഇന്നിവിടെ ജീവിക്കുന്നത്. മരങ്ങളുടെ ക്രമാതീതമായ ശോഷണവും വന നശീകരണവും അന്തരീക്ഷ താപനില ക്രമാതീതമായി വർദ്ധിക്കുന്നതിനു കാരണമാകുന്നു. താപനില വർദ്ധനവിനു ആക്കം കൂട്ടുന്ന മറ്റൊരു കാരണം വാഹനങ്ങളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറത്തു

വരുന്ന ഹരിതഗൃഹ വാതകങ്ങളാണ്. അന്തരീക്ഷ താപനില ഉയരുന്നതിനു ആഗോള താപനത്തിനു കാരണമാകുന്നു. ഇതുമൂലം വെളുത്ത ഭൂഖണ്ഡമായ അന്റാർട്ടിക്കയിലെ മഞ്ഞ് ഉരുകുകയും ഇത് മഹാസമുദ്രങ്ങളുടെ ജലനിരപ്പ് ഒന്നര മീറ്റർ വരെ ഉയരുന്നതിനും കാരണമാകുന്നു. സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളും അനേകം ദ്വീപുകളും വെള്ളത്തിനടിയിലാകുകയും ലോകം മുഴുവൻ ഒരു വലിയ ദുരന്തത്തിനു സാക്ഷ്യം വഹിക്കേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്യും.

കാലം മാറി പെയ്യുന്ന മഴ കനത്ത മഴയുടെ അനന്തര ഫലങ്ങൾ ഇവയെല്ലാം വളരെ നന്നായി അനുഭവിച്ചറിഞ്ഞ നാടാണ് നമ്മുടേത്. ഇവയെല്ലാം കാലാവസ്ഥ വ്യതിയാനത്തിന്റെ മറ്റു ഫലങ്ങൾ. വൻ വരൾച്ചയിൽ അകപ്പെട്ടു കുടിവെള്ളം പോലും ഇല്ലാതെ അലയുന്ന ഒരു കാലം നമുക്ക് വിദൂരമല്ല.

പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ ഇനിയും നമ്മൾ തുടങ്ങിയില്ലെങ്കിൽ വലിയ മുന്നറിയിപ്പുകളാണ് പ്രകൃതി നമുക്കായി നൽകിയിരിക്കുന്നത്. വാക്കുകൾ പ്രവർത്തികളായ് മാറണം. പ്രചാരങ്ങളും നിർദ്ദേശങ്ങളും സർവ്വ

**ജനകമാണ്. മരങ്ങൾ നട്ട് ജലാശയങ്ങൾ സംരക്ഷിച്ചു കരുതലോടെ ജീവിക്കുന്നത് പ്രകൃതിക്കല്ല നമുക്കാണ് പ്രയോജനം ചെയ്യുന്നത്.**

**-Nandana Venugopal**

# ചക്കയും മുയലും

ഒടുവിൽ ഒരു മേടമാസ പുലരിയിൽ മുയൽ പ്ലാവിന്റെ ചുവട്ടിലെത്തി തൊഴുകൈയ്യോടെ മുകളിലേക്കുനോക്കി ഭക്ത്യാദരപൂർവ്വം അറിയിച്ചു . എന്റെ മുതുമുത്തച്ഛന്റെ തലയിൽ ചക്ക വീണതിലൂടെ വിശ്വവിശ്രുതനായ മഹാവൃക്ഷമേ ലോകത്തിൽ ഏറ്റവും വലിയ ഫലമായ നീ സംസ്ഥാനഫലമാകും മുൻപേ പക്ഷിമൃഗാദികൾ കാക്കയും അണ്ണാനും ആടും പശുവും എന്തിന് മണിയനീച്ചവരെ അങ്ങയെ ആശ്രയിച്ചിരുന്നു. കുഴയെന്നോ വരിക്കയെന്നോ ഭേദമില്ലാതെ സ്നേഹിച്ചിരുന്നു. ജീവിത ശൈലി രോഗങ്ങൾക്കുള്ള ചക്ക പ്രതിവിധി മനുഷ്യൻ പൊക്കിപ്പറയാൻ തുടങ്ങിയതോടെ പക്ഷിമൃഗാദികൾക്ക് അത് കിട്ടാതായി അതോടെ പട്ടിണിയായ അവരുടെ ദു :ഖം എനിക്ക് സഹിക്കാൻ കഴിയുന്നില്ല പ്രഭോ. അതുകൊണ്ട് എനിക്ക് അങ്ങയോട് അപേക്ഷിക്കുവാനുള്ളത് ഒന്നുമാത്രം,ഒരു ചക്ക എന്റെ തലയിൽവീഴ്ത്തി എന്നെ അനുഗ്രഹിച്ചാലും .....

എന്റെ മൃഗാത്മാവിനെ സ്വർഗത്തിലയച്ചാലും. ചക്ക തലയിൽ വീണ് എന്റെ

**മുതുമുത്തച്ഛന്റെ ദുർമരണമടയുകയായിരുന്നെങ്കിൽ എന്റേത് ഭാഗ്യമരണമായിരിക്കും മരപ്രഭോ. മനുഷ്യമനസ്സിൽ ചക്കയരക്ക്പോലെ അങ്ങയോടൊപ്പം എന്റെ സത്കീർത്തിയും ഒട്ടിപ്പിടിക്കാൻ ഇടയാകട്ടെ. അങ്ങനെ ഞാനും അമരനാകട്ടെ. മരശ്രേഷ്ഠാ എന്റെ നമ്രശിരസിലേക്ക് ഒരു ചക്ക.**

*-Domini Sajikumar*

# പ്രകൃതിയും മനുഷ്യനും

മലിനമാണ് മലിനമാണ് മലിനമാണ് ഈ പ്രകൃതിയും
മലിനമാണ് ഈ പ്രകൃതിയും ഭൂമിയും

മലിനമായ ജലാശയം അതിമലിനമായൊരു ഭൂമിയും
അതിമലിനമായൊരു ഭൂമിയും

ചുട്ടെരിച്ചുകളയുമീ ഭൂമി നമ്മുടെ മണ്ണിനെ
സ്വാർത്ഥചിന്തകൾ ഉള്ളിൽ ഏറ്റും

സുഖങ്ങളെല്ലാം കവരുന്ന
ഇനിവരുന്ന തലമുറയ്ക്ക് ഈ അമ്മയാകും ഭൂമിയും

സ്വാർത്ഥചിന്തകൾ ഉള്ളിൽ ഏറ്റി
ഭൂമിയെ നമ്മൾ നശിപ്പിക്കും

ഭൂമി നമ്മുടെ അമ്മയാണ്
ദൈവമാണ് ഐശ്വര്യവും

ഭൂമി നമ്മുടെ ദൈവമാണ്
അമ്മയാണ് നന്മയും

പ്രകൃതിയെ സംരക്ഷിക്കുക
പ്രകൃതിയെ രക്ഷിക്കുക (2)

*-Lakshmi Vinod*

# പ്രകൃതിയാം മാതാവ്

പലവർണ്ണം ചേരുന്ന മഴവില്ല
പോലെയാ മനോഹരമാ...പ്രകൃതിയത്രേ...
പെയ്യാൻ വിതുമ്പുന്ന മേഘങ്ങളെ നോക്കി
പുഞ്ചിരികൊള്ളുന്ന പുഷ്പങ്ങളും
പാറിപ്പറക്കുന്ന പക്ഷികളും പിന്നെ
ആലോലമാടുന്ന വൃക്ഷങ്ങളും
എത്ര നദികളുമെത്ര പുഴകളും
എത്ര മനോഹരിയാക്കുമമ്മേ
പല പല മൃഗങ്ങളും പക്ഷികളും പിന്നെ
ചാരുതയേകുന്ന പുഷ്പങ്ങളും
തേൻ കുടിച്ചീടുന്ന തേനീച്ചയും
പൂമ്പാറ്റ പോലുള്ള ജീവികളും സുന്ദരമാക്കുന്ന
പ്രകൃതിയത്രേ
എത്ര മനോഹരിയെത്ര മനോഹരി
വന്ദിച്ചീടുന്നു നിന്നെയെന്നുമെന്നും
ഇങ്ങനെയുള്ളൊരി അമ്മയെനാം
എത്രയോ വേദനിപ്പിച്ചീടുന്നു നമ്മൾ
അനുജന്റെ ഓരോരോ ക്രൂരതയ്ക്കും
എല്ലാം സഹിക്കുന്ന ദേവി നീയോ
അവസാനം സഹന ശക്തി തീർന്ന

പ്രകൃതി സംഹാര രൂപിണിയായ്
ഭൂകമ്പം പ്രളയകൊടുങ്കാറ്റും സുനാമിയും
പ്രകൃതി താണ്ഡവമാടിടുന്നു
അതുകൊണ്ട് മാളോരേ നമ്മളെല്ലാം
പ്രകൃതിയാമമ്മയെ കൊന്നിടല്ലേ...
ഈ ദേവിയാം പ്രകൃതിയെ സംരക്ഷിക്ക
ഈ അമ്മയെ വഴ്ഹകയെന്നമെന്നു
നല്ലതേ വന്നിടൂ നമ്മൾക്കെല്ലാം...

*-Arathy MA*

l

# അദിതിയുടെ തപസ്സ്

മഹാപരാക്രമിയായിരുന്ന അസുര ചക്രവർത്തിയായി മഹാബലി. ഒരിക്കൽ മഹാബലി ദേവലോകം ആക്രമിച്ചു.ആ യുദ്ധത്തിൽ അദ്ദേഹം ദേവരാജാവായ ഇന്ദ്രനെ പരാജയപ്പെടുത്തി ദേവലോകം സ്വന്തമാക്കി. ഇന്ദ്രന്റെ മാതാവായ അദിതി ഈ വിവരം അറിഞ്ഞു ദു:ഖിതയായി. മഹാബലിയിൽ നിന്നും ദേവലോകം ഇന്ദ്രന തിരികെ നൽകാൻ മഹാവിഷ്ണുവിന് മാത്രമേ കഴിയൂ. എങ്ങനെയും വിഷ്ണുഭഗവാനെ പ്രസാദിപ്പിക്കണം എന്ന് അദിതി തീരുമാനിച്ചു. അദിതി പതിനായിരം വർഷം കഠിനതപസ്സ ചെയ്ത് മഹാവിഷ്ണുവിനെ പ്രത്യക്ഷപ്പെടുത്തി. മഹാവിഷ്ണു അദിതിയോട് ഇഷ്ടമുള്ള വരം ചോദിക്കാൻ ആവശ്യപ്പെട്ടു. " ഭഗവാനേ അവിടുന്ന് എന്റെ പുത്രനായി ജനിച്ച് ഇന്ദ്രന് ദേവലോകം തിരികെക്കിട്ടാൻ സഹായിച്ചാലും". അദിതി അപേക്ഷിച്ച അദിതിയുടെ പ്രർത്ഥന കേട്ട് മഹാവിഷ്ണു വാമനനായി ജനിച്ചു. വാമനൻ മഹാബലിയെ പാതാളത്തിലേക്ക് അയയ്ക്കുകയും ഇന്ദ്രന് ദേവലോകം തിരികെ നൽകുകയും ചെയ്തു.

*-Anjaly Santhosh*

# മിന്നാമിനുങ്ങ്

### കുമാരനാശാൻ

ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിതാ, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്കു, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിളങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?

മിനുങ്ങി നീ ചെന്നിടു, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭ്രൂഹം

അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

അതാ വിളങ്ങുന്ന ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകൾ മേലിവറ്റയാർ-
ന്നിരുട്ടിൽ മിന്നുന്ന മരങ്ങളാകവേ;
നിരന്ന നക്ഷത്രഗണങ്ങൾ കീഴമാ-
ർന്നിരട്ടയായ് തീർന്നൊരു വിണ്ണുപോലവേ.

വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തുവൊളിയാർന്ന പൊങ്ങിയും
തളർന്നുവീണും—ചെറുതാരമൂഴിതാൻ
വളർപ്പതാമിങ്ങിതു—തള്ള വാനിലാം.

മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-
ലിരിക്ക വന്നീയണിമേശമേലുമേ.

കനക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുമ്പടിതന്നെയെങ്ങും
മിനുങ്ങിമങ്ങും ചൊടിയാർന്ന മിന്നാ-
മിനുങ്ങുമുൾപ്പൂവുമുടപ്പിറപ്പോ?

# നന്മ നിറഞ്ഞ കേരളം

നന്മകൾ നിറയെ കൊയ്തെടുത്തൊരു കേരളം
ദു:ഖവുമില്ല പ്രശ്നവുമില്ലാതെ ഒന്നിച്ച്

ഒന്നായി നിൽക്കുന്ന കേരളം
മലയാള കായൽതീരം കളകാഞ്ചി പാട്ടുംപാടി

തിരതല്ലി താളം കൊട്ടും കേരളം
നമ്മുടെ സ്വന്തം മലയാളഭാഷ

നമ്മുടെ സ്വന്തം കേരളഭാഷ
സഹാനുഭൂതിയും കരുണയുമുള്ള കേരളം

പരശുരാമൻ മഴുവെറിഞ്ഞൊരു കേരളം
പ്ലാസ്റ്റിക്ക് വിമുക്ത കേരളം

ഇത് നമ്മുടെ സ്വന്തം കേരളം
തുമ്പ പൂത്തൊരു കേരളം ഓണതുമ്പി തുള്ളണ കേരളം
ഈ കടലുകരയായി തീർന്നതാണി കേരകേദാരം

*-Aparna G Nair*

# സൗന്ദര്യലഹരി

## ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

പച്ചിലച്ചാര്‍ത്തിന്‍ പഴുതിങ്കലൂടതാ കാണ്‍മൂ
പശ്ചിമാംബരത്തിലെപ്പനിനീര്‍പ്പൂന്തോട്ടങ്ങള്‍.
ഇത്തരം സൗന്ദര്യം ഞാന്‍ നുകരാന്‍ തുടങ്ങിയി-
ട്ടെത്ര കാലമാ,യെന്നാലിനിയും തീര്‍ന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനര്‍ഘമായിടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കില്‍, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിന്‍മുന്‍പേ വെറുത്തുകഴിഞ്ഞേനേ!
പൂര്‍വ്വദിങ്മുഖത്തിങ്കല്‍ സിന്ദൂരപൂരംപൂശി-
പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും;
മുല്ലമൊട്ടുകള്‍വാരി വാനിങ്കല്‍ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;
വാനിലുല്ലസിച്ചിടും വാര്‍മതിയൊഴുക്കുന്ന
പൂനിലാവിങ്കല്‍ കുളിച്ചെത്തിടും രജനിയും;-

എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്തമണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവെ;
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;
മരന്ദം തുളുമ്പുന്ന മലരിൻ ചുറ്റും കൂടി
മുരളും തേനീച്ചകൾ പറന്നു കളിക്കവെ;
വല്ലികാനടികൾ നൽപല്ലവാകുലമായ
ചില്ലകൈയുകളാട്ടി നർത്തനം ചെയ്തീടവെ;
അറിയാതവരോടുകൂടി നമ്മളു,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ-
"ജ്ജീവിക്കു, ജീവിക്കു," കെന്നൽബോധിപ്പിപ്പൂ നിത്യം.
"നുകരു,നുകരു,മത്സൗന്ദര്യം!"-നമ്മോടിളം-
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.
"മുറുകെ നുകർന്നീടുകോമനേ, പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ!"

*പാടലദലാധരം പേർത്തുമുച്ചലിക്കെ, ച്ചെ-*
*റ്റാടലാർന്നളിയോടു പനിനീർപ്പൂവർത്ഥിപ്പൂ.*
*ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം*
*കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;*
*നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു*
*നിസ്തുലമാക്കിത്തീർക്കാനാവുകി, ല്ലതേ കാമ്യം!*
*സായാഹ്നരാഗംപോലെ സർവ്വവും തേയാം, മായാം*
*പോയാലോ പോയി;-പിന്നെയൊന്നു, മില്ലെല്ലാം ശൂന്യം!*
*ഇന്നു നാമുള്ളോ, രില്ലാത്തവരായ്ത്തീർന്നിടേണം*
*പിന്നാലെവരുന്നോർക്കൊരന്ധാന്വേഷണത്തിനായ്.*
*ഇന്നലെ, ത്തേങ്ങിത്തേങ്ങിയെന്തിനോകരഞ്ഞു ഞാ-*
*നിന്നിനിച്ചിരിക്കട്ടെ;- നാളെഞാനൊഴിഞ്ഞേയ്ക്കാം!*
*പുതുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ*
*'മതി!'- യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും!*

# ഹരിതമോഹനം

ഈ ഭൂമിയെ സംബന്ധിച്ച ചില ആലോചനകളിലാണ്ടുകിടക്കുകയായിരുന്നു ഞാൻ.ഇന്ത്യക്കാരും ബ്രിട്ടീഷുകാരും അതിലൊരിടത്തുമുണ്ടായിരുന്നില്ല;ഭൗമോപരിതലത്തിലെ മഹാജീവജാലങ്ങൾ മാത്രം.കാനനനിഗൂഢതകൾ ഒരു ചലച്ചിത്രത്തിലെന്നതുപോലെ എന്റെ മുന്നിൽ വന്നു മറയുകയായിരുന്നു യഥേഷ്ടം.മനസ്സിന്റെ ഗ്രാഫിക്സ് ഉപയോഗിച്ചുള്ള സ്വപ്നസദൃശ്യമായ ദൃശ്യങ്ങൾ.

ആ നേരത്ത് വീട്ടിലെ അറിയിപ്പുമണി മുഴങ്ങി. തടവിലാക്കപ്പെട്ടവരിൽ കാണപ്പെടാറുള്ളതരം ഇരുണ്ട മനോവിചാരത്തോടെ ഞാനാലോചിച്ചു.

അവധിദിവസം കയറിവന്ന് മണിയടിക്കുന്നത് ആരാവും? കിടപ്പുമുറിയിലെ മെത്തയിൽ തുണികൾ നിവർത്തിയിട്ട് മടക്കിവയ്ക്കുകയായിരുന്ന സുമന ഒന്ന് പിന്നാക്കംവളഞ്ഞ് എന്നെ നോക്കി.

സ്ഫടികഭരണിയിലെ മത്സ്യക്കുഞ്ഞുങ്ങളെ തീൻമേശപ്പുറത്ത് കൊണ്ടുവന്നുവച്ച് ജലജീവികളുടെ നീന്തൽ വൈഭവത്തെ കുഞ്ഞുമിഴികളാൽ

**ഉറ്റുനോക്കുകയായിരുന്ന തന്മയയും പീലിയും മുഖമുയർത്തി.**
**ചുമരിലെ സമയകാലപ്പട്ടികയിൽ ഇന്നത്തെദിവസത്തിന് ചുവപ്പാണ്.**

*-Susmesh Chadroth*

# കഥകളി – ഒരു കേരളീയ ദൃശ്യകലാപ്രസ്ഥാനം

കൊട്ടാരക്കര തമ്പുരാനാണ് ഇതിന്റെ ഉപജ്ഞാതാവ് എന്ന് കരുതുന്നു. കഥകളിയുടെ ആദ്യ രൂപം രാമനാട്ടമായിരുന്നു. ഇത് പതിനേഴാം ശതകത്തിൽ ആയിരുന്നു . കഥകളിയിൽ കേരളത്തിന്റെ പ്രാചീനകലകളായ ചാക്യാർക്കൂത്ത് , കൃഷ്ണനാട്ടം , അഷ്ടപതി , തെയ്യം, പടയണി , തുടങ്ങിയ വിവിധ ഘടകങ്ങളുടെ സമന്വയം കാണാം. വാചികാഭിനയം ഇല്ല.പകരം സംഗീതം ഉപയോഗിച്ചിരുന്നു. കോഴിക്കോട് സാമൂതിരി കൃഷ്ണനാട്ടസംഘത്തെ ദക്ഷിണ കേരളത്തിൽ അയച്ചുക്കൊടുക്കാൻ വിസമ്മതിച്ചു. ഇതിൽ വാശി തോന്നിയ കൊട്ടാരക്കര തമ്പുരാൻ അതിനു ബദലായി നിർമ്മിച്ച കലാരൂപമാണ് രാമനാട്ടം. കോട്ടയത്ത് തമ്പുരാന്റെ രംഗപ്രവേശത്തോടെ രാമനാട്ടം കഥകളിയായി. അഷ്ടാംഗങ്ങൾ, കേളികൊട്ടു മുതൽ കഥകളിയിലുള്ള പ്രധാന ചടങ്ങുകളാണ് കേളി, അരങ്ങുകേളി, തോടയം, വന്ദനശ്ലോകം, പുറപ്പാട്, മേളപദം, കഥാഭിനയം, ധനാശി, കഥകളി ഉണ്ടെന്ന് അറിയിക്കാൻ വേണ്ടി ചെണ്ട, മദ്ദളം, ഇലത്താളം, ചേങ്ങില, എന്നിവ ചേർത്ത് നടത്തുന്ന വാദ്യപ്രകടനമാണ് കേളി. കഥകളി രംഗത്ത് വിളക്ക്

***വച്ച് കഴിഞ്ഞാൽ അരങ്ങ്കേളിനടത്തുന്നു.
ഇതിന് ഗണപതിക്കിട്ട് ശുദ്ധമദ്ദളം എന്നും പറയാറുണ്ട്.
ഇത് കഴിഞ്ഞാൽ തിരശ്ശീലകൊണ്ട് രംഗം മറയ്ക്കുന്നു
അതുകഴിഞ്ഞാൽ തോടയം തുടങ്ങുന്നു.രണ്ട് മിനുക്കു
വേഷങ്ങൾ തിരശ്ശീലയുടെ പിന്നിൽനിന്ന്
ഈശ്വരസ്തുതിക്കനുസരിച്ച് നൃത്തം ചെയ്യുന്നതാണ്
തോടയം.തോടയത്തിനു ശേഷം വന്ദന ശ്ലോകം
ചൊല്ലുന്നു.അതിനുശേഷം ആട്ടക്കഥയിലെ ശ്ലോകം
ചൊല്ലി പുറപ്പാടാകുന്നു. ഇതിന്റെ അവസാനം മേളപദം
ആരംഭിക്കുന്നു.അതുകഴിഞ്ഞ് കഥാഭിനയം
തുടങ്ങുന്നു. ഏറ്റവും ഒടുവിൽ ധനാശി ഈ ചടങ്ങ്
പൂർത്തിയായശേഷം ഒരു ശിഷ്ട കഥാപാത്രം
ഈശ്വരസ്തുതി രൂപത്തിൽ നൃത്തം ചെയ്യുന്നതാണ്.***

-Divya Prakashen

# കാളകൾ

**തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി–
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി–
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കുനിക്കുടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും, സ്വജീവിത–
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാള–
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി.**

# പൂക്കാലം

കുമാരനാശാൻ

***പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവ് പൂക്കുന്നശോകം
വായ്ക്കുന്ന വേലിക്ക് വർണ്ണങ്ങൾ പൂവായ്
ചോക്കുന്നു കാടന്തി മേഘങ്ങൾ പോലെ.***

***എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്ന് തെക്കുന്നു വീശുന്നു വായു
ഉല്ലാസമീ നീണ്ട കൂകൂരവത്താൽ
എല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.***

***പാടങ്ങൾ പൊന്നിൻ നിറം പൂണ്ടുനീളെ
പാറിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പു കൊത്തി
കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.***

***ചന്തം ധരക്കേറെയായ് ശീതവും പോയി
അന്തിക്കു പൂങ്കാവിലാളേറെയായ്***

**സന്തോഷമേറുന്ന ദേവാലയത്തിൽ**

**പൊന്തുന്ന വാദ്യങ്ങൾ വന്ന വസന്തം.**

# കുട്ടിയും തള്ളയും

**കുമാരനാശാൻ**

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവ് പൂക്കുന്നശോകം
വായ്ക്കുന്ന വേലിക്ക് വർണ്ണങ്ങൾ പൂവായ്
ചോക്കുന്നു കാടന്തി മേഘങ്ങൾ പോലെ.
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്ന് തെക്കുന്നു വീശുന്നു വായു
ഉല്ലാസമീ നീണ്ട കൂകൂരവത്താൽ
എല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.
പാടങ്ങൾ പൊന്നിൻ നിറം പൂണ്ടുനീളെ
പാറിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പു കൊത്തി
കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.
ചന്തം ധരക്കേറെയായ് ശീതവും പോയി
അന്തിക്കു പൂങ്കാവിലാളേറെയായ്
സന്തോഷമേറുന്നു ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ വന്നു വസന്തം.

*-Kumaranashan*

**തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.**

**1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ.**

പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

**സുവർണ്ണകാലം**

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ,

കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി.

അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ്മ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ്മ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ

ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

## ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങൾ കുട്ടി, തുടങ്ങിയ

ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

**ആധുനികതയ്ക്കു ശേഷം**

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവരെല്ലാം ഈ

**തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.**

**ഉത്തരാധുനികത**

**1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ. ങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി.**

**ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.**

**ആധുനികതയ്ക്കു ശേഷം**

**ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി.**

ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

**ഉത്തരാധുനികത**

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

*-Mishwal C Jayakumar*

# Photo Album



Kerala Infrastructure and Technology for Education
Presents

Victers





SAMAGRA

THANK YOU LITTLE KITES TEAM
SMV NSS HSS KALLARA

# THANK YOU

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS